**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2095** **03-03-2025 - ൽ മറുപടിയ്ക്ക്**

**കാലാവസ്ഥാ വ്യതിയാനം മൂലമുള്ള ദുരന്തങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അഹമ്മദ് ദേവർകോവിൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കാലാവസ്ഥാ വ്യതിയാനം സംസ്ഥാനത്ത് നിരന്തര ദുരന്തങ്ങൾക്ക് കാരണമാവുന്നത് തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | കാലാവസ്ഥാ വ്യതിയാനം നിരന്തര ദുരന്തങ്ങൾക്ക് കാരണമാകുന്നതിനെക്കുറിച്ച് പഠനം നടത്തുന്നതിനും പരിഹാര നടപടികൾക്ക് പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നതിനുമായി കേരള സംസ്ഥാന കാലാവസ്ഥാ വ്യതിയാന അനുരൂപീകരണ മിഷൻ രൂപീകരിച്ചിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ക്ലൈമറ്റ് ചേഞ്ച് സ്റ്റഡീസിനെ (ICCS) ഒരു മികവിന്റെ കേന്ദ്രമായി പ്രഖ്യാപിച്ചതോടൊപ്പം, KIFB മുഖേന കാലാവസ്ഥാ വ്യതിയാന ഗവേഷണത്തിനായി ധനസഹായവും അനുവദിച്ചിട്ടുണ്ട്. പ്രാദേശിക കാലാവസ്ഥാ പ്രവചനം മെച്ചപ്പെടുത്തുന്നതിനും ഗവേഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനം സംസ്ഥാനത്തും പശ്ചിമഘട്ട പ്രദേശങ്ങളിലും നിരന്തര ദുരന്തങ്ങൾക്ക് കാരണമാകുന്നത് തടയുന്നതിനും ആയതിന്റെ വ്യാപ്തി, നാശനഷ്ടങ്ങൾ എന്നിവ ലഘൂകരിക്കുന്നതിനും വേണ്ടുന്ന പദ്ധതികൾ സംസ്ഥാന കാലാവസ്ഥാ വ്യതിയാന കർമ്മ പരിപ്രേക്ഷ്യത്തിൽ (KSAPCC 2.0) ഉൾപ്പെടുത്തി വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കി വരുന്നു. കാലാവസ്ഥാ വ്യതിയാന ലഘൂകരണ പദ്ധതികളുടെ ഭാഗമായി SAPCC 2.0 യിൽ Priority Intervention Area യിൽ പ്രതിപാദിച്ചിട്ടുള്ള സംസ്ഥാനത്തിന്റെ ഹരിത ഗൃഹ വാതക ഉദ് വമനം നിർണ്ണയിക്കലും, GHG Monitoring Mechanism തയ്യാറാക്കലും എന്ന പദ്ധതി പരിസ്ഥിതി വകുപ്പ് ഡയറക്ടറേറ്റ് നടപ്പിലാക്കി. പ്രസ്തുത പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തിന്റെ ഹരിതഗൃഹ വാതക ഉദ് വമനം നിർണ്ണയിക്കുകയും പ്രസ്തുത വിവരങ്ങൾ ഉൾപ്പെടുത്തികൊണ്ട് ഒരു വെബ് പോർട്ടൽ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട് (climatechange.envt.kerala.gov.in). കൂടാതെ പ്രസ്തുത ഹരിതഗൃഹ വാതക ഉദ് വമന |

| | | | |
|---|---|---|---|
| | | | നിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ 2050 ഓടെ സംസ്ഥാനം കാർബൺ ന്യൂട്രൽ ആക്കുന്നതിനുമുള്ള കരട് കർമ്മ പദ്ധതിയും തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | കാലാവസ്ഥാ വ്യതിയാനംമൂലം പ്രധാന ദുരന്തമേഖലയായ പശ്ചിമഘട്ടം സംരക്ഷിക്കുന്നതിന് പ്രത്യേക പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | കാലാവസ്ഥാ വ്യതിയാനം നിരന്തര ദുരന്തങ്ങൾക്ക് കാരണമാകുന്നതിനെക്കുറിച്ച് പഠനം നടത്തുന്നതിനും പരിഹാര നടപടികൾക്ക് പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നതിനുമായി കേരള സംസ്ഥാന കാലാവസ്ഥാ വ്യതിയാന അനുരൂപീകരണ മിഷൻ രൂപീകരിച്ചിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ക്ലൈമറ്റ് ചേഞ്ച് സ്റ്റഡീസിനെ (ICCS) ഒരു മികവിന്റെ കേന്ദ്രമായി പ്രഖ്യാപിച്ചതോടൊപ്പം, KIFB മുഖേന കാലാവസ്ഥാ വ്യതിയാന ഗവേഷണത്തിനായി ധനസഹായവും അനുവദിച്ചിട്ടുണ്ട്. പ്രാദേശിക കാലാവസ്ഥാ പ്രവചനം മെച്ചപ്പെടുത്തുന്നതിനും ഗവേഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനം സംസ്ഥാനത്തും പശ്ചിമഘട്ട പ്രദേശങ്ങളിലും നിരന്തര ദുരന്തങ്ങൾക്ക് കാരണമാകുന്നത് തടയുന്നതിനും ആയതിന്റെ വ്യാപ്തി, നാശനഷ്ടങ്ങൾ എന്നിവ ലഘൂകരിക്കുന്നതിനും വേണ്ടുന്ന പദ്ധതികൾ സംസ്ഥാന കാലാവസ്ഥാ വ്യതിയാന കർമ്മ പരിപ്രേക്ഷ്യത്തിൽ (KSAPCC 2.0) ഉൾപ്പെടുത്തി വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കി വരുന്നു. കാലാവസ്ഥാ വ്യതിയാന ലഘൂകരണ പദ്ധതികളുടെ ഭാഗമായി SAPCC 2.0 യിൽ Priority Intervention Area യിൽ പ്രതിപാദിച്ചിട്ടുള്ള സംസ്ഥാനത്തിന്റെ ഹരിത ഗൃഹ വാതക ഉദ് വമനം നിർണ്ണയിക്കലും, GHG Monitoring Mechanism തയ്യാറാക്കലും എന്ന പദ്ധതി പരിസ്ഥിതി വകുപ്പ് ഡയറക്ടറേറ്റ് നടപ്പിലാക്കി. പ്രസ്തുത പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തിന്റെ ഹരിതഗൃഹ വാതക ഉദ് വമനം നിർണ്ണയിക്കുകയും പ്രസ്തുത വിവരങ്ങൾ ഉൾപ്പെടുത്തികൊണ്ട് ഒരു വെബ് പോർട്ടൽ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട് (climatechange.envt.kerala.gov.in). കൂടാതെ പ്രസ്തുത ഹരിതഗൃഹ വാതക ഉദ് വമന നിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ 2050 ഓടെ സംസ്ഥാനം കാർബൺ ന്യൂട്രൽ ആക്കുന്നതിനുമുള്ള കരട് കർമ്മ പദ്ധതിയും തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ